III. അടിയന്തിരപ്രമേയം

തിരുവനന്തപുരം വിമാനത്താവളത്തിൽ പിടിയിലായ വിദേശികളുടെ ഭീകരബന്ധം സംബന്ധിച്ച്

മി. സ്പീക്കർ: തിരുവനന്തപുരം വിമാനത്താവളത്തിൽ കഴിഞ്ഞ ദിവസം പിടികൂടിയ രണ്ട് വിദേശികൾക്ക് ഭീകരവാദബന്ധമുണ്ടെന്നും അവരോടൊപ്പമുണ്ടായിരുന്ന ഒരാളെ പിടികൂടാൻ കഴിയാത്തത് പോലീസിന്റെ അനാസ്ഥമൂലമാണെന്നും കേരളത്തിൽ ഭീകരവാദ ശക്തികൾ യഥേഷ്ടം കടന്നുവരുന്നു എന്നുമുള്ള അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, കെ. പി. രാജേന്ദ്രൻ, എ. സി. ഷണ്മുഖദാസ്, എ. എ. അസീസ്, പി. സി. ജോർജ്ജ്, സി. കെ. നാണു എന്നിവർ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ഇതേ കാര്യത്തിന് തന്നെ സർവ്വശ്രീ ടി. എം. ജേക്കബ്, ആർ. ബാലകൃഷ്ണപിള്ള, ഷിബു ബേബിജോൺ എന്നിവരും നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, തിരുവനന്തപുരം എയർപോർട്ടിൽനിന്നും ഖത്തർ എയർവേയ്സിൽ സൗത്ത് ആഫ്രിക്ക, ഇസ്രായേൽ എന്നീ രാജ്യങ്ങളുടെ പാസ്പോർട്ട് ഉപയോഗിച്ച് 20-7-2005-ന് ദോഹയിൽ എത്തിയ രണ്ടു വിദേശികളെ വ്യാജ യാത്രാ രേഖകൾ ഉപയോഗിച്ച് യാത്ര ചെയ്തതായി കണ്ടെത്തിയതിനെത്തുടർന്ന് ദോഹ വിമാനത്താവളാധികൃതർ തിരികെ തിരുവനന്തപുരത്തേക്ക് കയറ്റി അയച്ചു. തിരുവനന്തപുരത്ത് വിമാനമിറങ്ങിയ ഇവരെ ചോദ്യം ചെയ്തതിൽനിന്നും സൗത്ത് ആഫ്രിക്കൻ പാസ്പോർട്ട് കൈവശം വച്ചിരുന്നയാൾ ഇറാൻകാരനായ സെയ്ദ് ദാവൂദ് ഹാഷിം ആണെന്നും ഇസ്രായേൽ പാസ്പോർട്ട് കൈവശം വച്ചിരുന്നയാൾ അഫ്ഗാൻകാരനായ ജുമൽ ഖാൻ ആണെന്നും മനസ്സിലായി. അതിന്റെ വെളിച്ചത്തിൽ അവർക്കെതിരെ വലിയതുറ പോലീസ് സ്റ്റേഷനിൽ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വ്യാജ പാസ്പോർട്ടും രേഖകളും ഉപയോഗിച്ച് വിദേശികളായ അവർ ഇന്ത്യയിൽ കടന്നതിന്റെ വെളിച്ചത്തിൽ ഇവരെപ്പറ്റിയുള്ള വിവരങ്ങൾ 'ഐ. ബി.' 'റോ' എന്നീ കേന്ദ്ര ഏജൻസികളെ അറിയിക്കുകയും അവർ വിശദമായ അന്വേഷണം നടത്തിവരികയുമാണ്. വിദേശികൾക്കെതിരെ പോലീസ് രജിസ്റ്റർ ചെയ്ത കേസുകൾ വിപുലമായ അന്വേഷണത്തിനായി ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചു. ക്രൈംബ്രാഞ്ചിലെ ഒരു സീനിയർ ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു ടീം ഡൽഹിയിലേക്ക് പോകുന്നതും ഡൽഹി കേന്ദ്രീകരിച്ച് അന്വേഷണം നടത്തുന്നതുമാണ്. ക്രൈംബ്രാഞ്ച് ഡി.ഐ.ജി. പ്രസ്തുത അന്വേഷണത്തിന് ഡൽഹിയിൽ നേരിട്ട് മേൽനോട്ടം വഹിക്കുന്നതാണ്. പിടിയിലായ വിദേശികൾക്ക് തീവ്രവാദബന്ധമുണ്ടോ; അവർ വ്യാജരേഖകൾ ഉപയോഗിച്ച് ഇന്ത്യയിൽ യാത്രചെയ്തതിന്റെ ഉദ്ദേശമെന്ത് എന്നീ കാര്യങ്ങളെക്കുറിച്ചൊക്കെ വിശദമായ അന്വേഷണം നടത്തിവരുന്നു. കൂടാതെ ഇവരെ ഇവിടെനിന്നും യാത്ര അയയ്ക്കാൻ മറ്റൊരു വിദേശികൂടി ഉണ്ടായിരുന്നതായി പറയുന്ന കാര്യത്തെപ്പറ്റിയും അന്വേഷിക്കുന്നുണ്ട്. വിദേശികൾ വ്യാജപാസ്പോർട്ട് ഉപയോഗിച്ച് ഇന്ത്യ വിട്ടുപോകാൻ ഇടയായ കാര്യത്തിൽ എമിഗ്രേഷൻ കൗണ്ടറിൽ അന്നേദിവസം ഡ്യൂട്ടിയിലായിരുന്ന ശ്രീ. ബി. വി. സുനിൽരാജിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗത്തുനിന്നും വിഴുപ്പയുണ്ടെന്നുകണ്ട് അദ്ദേഹത്തെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്ത് വകുപ്പുതല അന്വേഷണം നടത്തിവരുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കഴിഞ്ഞ ദിവസം തിരുവനന്തപുരത്തുവച്ച് പിടികൂടിയ രണ്ട് വിദേശികളും ഭീകര ബന്ധമുണ്ടെന്ന വാർത്ത സംസ്ഥാനത്ത് വലിയ പരിഭ്രാന്തി സൃഷ്ടിച്ചിരിക്കുകയാണ്. അഫ്ഗാൻ പൗരനായ ജുമൽഖാൻ, ഇറാൻകാരനായ സെയ്ദ് ദാവൂദ് ഹാഷിം എന്നിവരെയാണ് വ്യാജ പാസ്പോർട്ടോടുകൂടി ദോഹയിൽവച്ച് പിടികൂടിയത്. ഇവർ തിരുവനന്തപുരത്ത് നിന്നാണ് പുറപ്പെട്ടത്. അതുകൊണ്ട് അവരെ ദോഹയിൽനിന്ന് യാത്രപുറപ്പെട്ട തിരുവനന്തപുരത്തേക്കുതന്നെ തിരിച്ചയച്ചു. അഫ്ഗാൻകാരൻ ഇസ്രായേലി പാസ്പോർട്ടിലാണ് സഞ്ചരിച്ചത്. ഇറാൻകാരൻ ദക്ഷിണാഫ്രിക്കൻ പാസ്പോർട്ടിലുമാണ് യാത്ര ചെയ്തത്. മറെറാരു ഇറാൻ പൗരൻകൂടി ഇവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു എന്നുപറയുന്നു. ഏലിയ എന്നു പറയുന്ന രാസ. അദ്ദേഹം തിരുവനന്തപുരത്ത് ഇവർക്കൊപ്പം വന്നിരുന്നുവെന്നും ഈ പറയുന്ന ആളുടെ കൂടെയാണ് തിരുവനന്തപുരത്തെ ട്രാവൽ ഏജൻസിയിൽനിന്നും ടിക്കറ്റ് സംഘടിപ്പിച്ചത് എന്നുമുള്ള ഒരു വാർത്ത പുറത്തു വന്നിരിക്കുകയാണ്. ജൂലൈ 14-നാണ് ഈ സംഘം തിരുവനന്തപുരത്ത് എത്തിയത്. കോവളത്തെ ഒരു ആയുർവ്വേദ കേന്ദ്രത്തിൽ ഇവർ താമസിച്ചു എന്നാണ് വാർത്ത. വിൽസൺ ടൂറിസ്റ്റ് ഹോം എന്നുപറയുന്ന ഒരു ലോഡ്ജിലാണ് ഇവർ താമസിച്ചത്. ഖത്തർ എയർവേയ്സിന്റെ വിമാനത്തിൽ ജൂലൈ 20-ന് തിരുവനന്തപുരത്തുനിന്ന് അവർ ദോഹ വഴി ലണ്ടനിലേയ്ക്ക് യാത്ര തിരിച്ചു. ദോഹയിൽ വച്ച് ഈ സംഘത്തെ പിടികൂടിയവർ അവിടെവച്ച് പരിശോധിച്ചപ്പോഴാ വ്യാജ പാസ്പോർട്ടാണെന്ന് മനസ്സിലായതോടുകൂടിയാണ് ഇവരെ പിടികൂടിയത്. തിരുവനന്തപുരത്തുവച്ച് എന്തുകൊണ്ട് ഇത് മനസ്സിലാക്കാൻ കഴിഞ്ഞില്ല? കേരളാ പോലീസിനേറ്റതാണ് എമിഗ്രേഷൻ ഡിപ്പാർട്ട്മെന്റ്. ഇപ്പോഴും ഒരു ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്ത് മുഖ്യമന്ത്രി തടിതപ്പാൻ ശ്രമിക്കുകയാണ്. ഒരു എസ്. ഐ.-യുടെ മാത്രം പ്രശ്നമല്ല ഇത്. തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിൽ വിദേശ പാസ്പോർട്ടുകൾ സൂക്ഷ്മമായി പരിശോധിക്കാനുള്ള ആധുനിക സംവിധാനങ്ങളില്ല. അത് എന്തുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞില്ല? അമേരിക്കാവൈലറ്റ് ലാമ്പിലാണ് ഇത് സാധാരണഗതിയിൽ പരിശോധിക്കുന്നത്. ഒരു അന്താരാഷ്ട്രവിമാനത്താവളമായി തിരുവനന്തപുരം വിമാനത്താവളത്തെ പ്രഖ്യാപിച്ചിട്ടും ഇത്തരത്തിലുള്ള ഒരു സംവിധാനവും ഏർപ്പെടുത്തിക്കൊടുക്കുന്നതിന് ഇതുവരെ സാധിച്ചിട്ടില്ല. ഇതിന്റെ ഫലമായി ഇത്തരത്തിലുള്ള ഭീകരവാദികളും യാത്ര പുറപ്പെടുന്ന ഒരു കേന്ദ്രമായി തിരുവനന്തപുരത്തെ മാറിയിരിക്കുകയാണ്. ഈയിടെ മുഖ്യമന്ത്രിയും നമ്മുടെ എം. എൽ. എ. മാരും ഉൾപ്പെടെ ഗൾഫിലേക്ക് പോയപ്പോഴും ഇങ്ങനെ പിടികൂടിയ പലരും ഇവിടെ നിന്നാണ് യാത്ര പുറപ്പെട്ടത് എന്ന വിവരം പുറത്തുവന്നിട്ടുണ്ട്. പാസ്പോർട്ടിലെ ഫോട്ടോ മാറിയിരിക്കുന്നത് ശ്രദ്ധിച്ചാൽ ഓറനോട്ടത്തിൽ മനസ്സിലാകുമെന്നാണ് റിപ്പോർട്ട്. അത് എന്തുകൊണ്ട് ഇവിടെ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല? ഇതിന്റെ പിന്നിൽ വലിയ ഗൂഢാലോചനയുണ്ട്. എയർപോർട്ടിൽ ആധുനിക സംവിധാനങ്ങളില്ല എന്ന് മനസ്സിലാക്കി ഭീകരൻമാർ തിരുവനന്തപുരം വിമാനത്താവളം അവരുടെ യാത്ര പുറപ്പെടുന്ന കേന്ദ്രമാക്കി മാറിയിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

കയറ്റണം. ഇതിൽ ഏറ്റവും ഗൗരവതരമായ ഒരു കാര്യം, 6 ദിവസം ഈ ഭീകരർമാർ കേരളത്തിലുണ്ടായിരുന്നു. കോവളത്ത് ഉണ്ടായിരുന്നു. പോലീസിന് എന്തുകൊണ്ട് ഇവരെ കണ്ടെത്താൻ കഴിഞ്ഞില്ല? ഇങ്ങനെയുള്ള ഒരു സംഘം ഇവിടെ വന്നിട്ടും, 6 ദിവസം ഇവിടെ താമസിച്ചിട്ടും എന്തു കൊണ്ട് കേരളത്തിലെ പോലീസിന് ഇവരെ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല? സ്പെഷ്യൽ ബ്രാഞ്ചിന് എന്തുകൊണ്ട് അവരുടെ വിവരം അറിയാൻ കഴിഞ്ഞില്ല? എല്ലാം മണത്ത് പിടിക്കുന്ന സ്പെഷ്യൽ ബ്രാഞ്ചാണല്ലോ കേരള പോലീസിന്റെ സ്പെഷ്യൽ ബ്രാഞ്ച്. ഈ ഭീകരൻമാർ വന്നപ്പോഴും എന്തുകൊണ്ട് പറഞ്ഞില്ല? അവർ ടിക്കറ്റ് എടുക്കാൻ പോയത് എവിടെയാണ്? ഏം. ജി. റോഡിലുള്ള മെച്ചാടി ട്രാവൽ ആൻഡ് ടൂർ കമ്പനിയിൽ നിന്നാണ് അവർ ടിക്കറ്റെടുക്കാൻ പോയത്. അവിടെ ടിക്കറ്റെടുക്കാൻ പോയപ്പോഴാ ആ ടിക്കറ്റ് കൗണ്ടറിലുണ്ടായിരുന്ന സൂസൻ രാജേന്ദ്രന് സംശയം തോന്നി. സംശയം തോന്നിയപ്പോൾ അവർ Connecting document ഉണ്ടോ എന്ന് നോക്കി. യാത്ര പുറപ്പെടുന്നതിനാവശ്യമായിട്ടുള്ള Connecting document അവരുടെ കയ്യിലുണ്ടായിരുന്നില്ല. Connecting document ഇല്ലെന്ന് കണ്ടപ്പോൾ സൂസൻ രാജേന്ദ്രൻ ഈ വിവരം ഏമിഗ്രേഷനിലേക്ക് വിളിച്ചു പറഞ്ഞു. 18.0 തീയതി 11 മണിക്കാണ് വിളിച്ചുപറയുന്നത്. ഇതു സംബന്ധിച്ച വിശദമായ വാർത്ത പുറത്തുവിട്ടിരിക്കുന്നത് ടെലഗ്രാഫ് എന്ന പത്രമാണ്. "Trial of Terror" എന്നുപറഞ്ഞുകൊണ്ട് "The travel agent had duly reported this to immigration authorities as early as Monday. Apparently, nothing was done to stop the two from boarding their flight." അവിടെ ഇത് പരിശോധിച്ച ഒരു എസ്.ഐ. യുടെ മാത്രം കുറവായിട്ടാണോ ഇത് കാണേണ്ടത്. ഗൗരവതരമായ വീഴ്ചയ് സംഭവിച്ചു എന്ന് എന്തുകൊണ്ട് മുഖ്യമന്ത്രി അംഗീകരിക്കുന്നില്ല? ഏമിഗ്രേഷൻ ഡിപ്പാർട്ടുമെന്റിൽ വിവരം അറിയിച്ചിട്ടും അവർ പറഞ്ഞത്, അങ്ങനെ ഞങ്ങൾ നോക്കിക്കൊള്ളാം. നിങ്ങളുടെ പണി, ടിക്കറ്റ് കൊടുത്താൽമതി എന്ന് പറഞ്ഞതായിട്ടാണ് ടെലഗ്രാഫ് പത്രം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. രണ്ട് ആളുകൾ ഇവിടെ നിന്ന് വിമാനം കയറി പോയതിനുശേഷം ഇവരുടെ കൂടെയുണ്ടായിരുന്ന മൂന്നാമൻ ജെറ്റ് എയർ വേയ്സിൽ കയറി സ്ഥലം വിട്ടു. ഇങ്ങനെ രണ്ട് ആളുകളുടെ കാര്യം ഏമിഗ്രേഷൻ ഡിപ്പാർട്ടുമെന്റിൽ മുൻകൂട്ടി പറഞ്ഞിട്ടും ഈ രണ്ട് ആളുകൾ അവിടെ എത്തിയപ്പോൾ എന്തുകൊണ്ട് കൂടുതൽ പരിശോധന നടത്താതെ ഇവരെ കയറ്റിവിട്ടു? ഇതാണ്. ഇതിനകത്ത് പരിശോധിക്കപ്പെടേണ്ടുന്ന പ്രശ്നം. ഡൽഹിയിൽ എത്തിയ മൂന്നാമൻ അവിടെനിന്നും ഇതേ ട്രാവൽ ഏജൻസിയിൽ വിളിച്ചുചോദിച്ചത് മറ്റേ രണ്ട് ആളുകൾ പോയോ എന്നാണ്. അപ്പോഴേക്കും അവർ പിടിയിലായി കഴിഞ്ഞിരുന്നു. അവർ പിടിയിലായ വിവരം അറിയാതെയാണ് ഡൽഹിയിൽ നിന്ന് മൂന്നാമൻ ഈ സൂസൻ രാജേന്ദ്രനോട് വിളിച്ചുചോദിക്കുന്നത്. സൂസൻ രാജേന്ദ്രൻ ഫോൺ കിട്ടിയ ഉടനെ തന്നെ പോലീസിനെ വിവരം അറിയിച്ചു. മൂന്നാമൻ ഡൽഹിയിൽനിന്ന് എന്നെ വിളിച്ചിട്ടുണ്ട്, അദ്ദേഹത്തിന്റെ മൊബൈലിൽനിന്ന്, ഏയർടെൽ 9895882989 എന്ന നമ്പറിൽ നിന്നാണ് എന്നെ വിളിച്ചത് എന്നുപറഞ്ഞ് പോലീസിൽ വിവരം അറിയിക്കുന്നു. ഡൽഹി പോലീസിൽ അപ്പോൾതന്നെ കേരള പോലീസ് വിവരം കൊടുത്തിരുന്നെങ്കിൽ മൂന്നാമനെ പിടിക്കാൻ കഴിയുമായിരുന്നു. അവിടെയുള്ള ഏമിഗ്രേഷൻ എസ്.ഐ.ക്ക് പറ്റിയ ഒരു പിശകായിട്ട് ഈ സംഭവത്തെ ചുരുക്കി കാണിക്കുന്നത്. ഉന്നത പോലീസ് ഉദ്യോഗസ്ഥർമാർക്ക് പറ്റിയ വീഴ്ച മറച്ചുപിടിക്കുന്നതിനു വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രമിക്കുന്നതിന്റെ ഭാഗമാണ്. ഈ മുന്നറിയിപ്പ് രക്ഷപ്പെട്ടത് കേരള പോലീസിന്റെ ഇന്റലിജൻസിന്റെയും ഫലമാണ്. ഡൽഹി പോലീസിനെ സമയത്ത് വിവരം അറിയിച്ചില്ല. ഈ സംഭവത്തിന്റെ ഗൗരവം വളരെ വലുതാണ്. കേരളം ഭീകരവാദികളുടെ അഭയകേന്ദ്രമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇതേസമയത്തുതന്നെ ബാലരാമപുരത്ത് ബോംബ് ഉണ്ടാക്കുന്ന ഫാക്ടറിന്റെ സ്റ്റോക്ക് പിടിച്ചെടുത്തിരിക്കുന്നു. ഈ ഫാക്ടറിന്റെ സ്റ്റോക്ക് പിടിച്ചെടുത്ത വാർത്തയും ഇതുമായി കൂട്ടിവായിക്കണം. ഇതേസമയത്താണ് ആറന്മുളയിൽ നിന്നു കോടിക്കണക്കിന് രൂപയുടെ സ്വർണ്ണം പിടിച്ചെടുത്തിരിക്കുന്നത്. ഇതെല്ലാംതന്നെ ഭീകരവാദികളും കേരളത്തിൽ ഉണ്ടെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ്. സംഭവത്തിന്റെ ഗൗരവം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾക്കൊണ്ടിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സംഭവം ഗൗരവമായി കണ്ടിരുന്നുവെങ്കിൽ ബെള്ളിയാഴ്ച നടത്തിയ ഒരു പ്രസ്താവന ചെയ്യുമായിരുന്നു 'ഇങ്ങനെ ഒരു സ്ഥിതിയുണ്ടായിട്ടുള്ളത് ഗൗരവതരമായ കാര്യമാണ്', എന്ന് പറയാമായിരുന്നു. ഉന്നത പോലീസ് ഉദ്യോഗസ്ഥൻമാരുടെ യോഗം തിരുവനന്തപുരത്ത് ചേർന്നു. ആ യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതേക്കുറിച്ച് മൗനം പാലിച്ചു. ഭീകരവാദികളുടെ കേരളത്തിലെ പ്രവർത്തനത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉന്നത പോലീസ് ഉദ്യോഗസ്ഥൻമാരുടെ യോഗത്തിൽ ഒന്നും പറഞ്ഞില്ല. എന്താണ് ഇതിന്റെ അർത്ഥം. ഈ 14-ാം തീയതി മുതൽ 20-ാം തീയതി വരെ ഭീകരവാദികളും കേരളത്തിൽ ഉണ്ടായിരുന്നുവെന്നു പറയുമ്പോഴാണ് ആ ഡേറ്റ് വളരെ പ്രധാനമാണ്. 18-ാം തീയതി ഇവിടെ ഇന്ത്യൻ പ്രസിഡന്റ് വരേണ്ട ദിവസമാണ്. ഇന്ത്യൻ പ്രസിഡന്റ് കേരളം സന്ദർശിക്കാൻ തീരുമാനിച്ച ദിവസങ്ങളിലാണ് ഈ ഭീകരവാദികളും സംസ്ഥാനത്തുണ്ടായിരുന്നത്. ഈ 18-ാം തീയതി ഇന്ത്യൻ പ്രസിഡന്റിന്റെ പരിപാടികളും റദ്ദാക്കുന്നു. അതിനുശേഷം 20-ാം തീയതി ഇവർ സ്ഥലം വിടുന്നു. കേവലം ഒരു എസ്.ഐ.ക്ക് പറ്റിയ പാകപ്പിഴയായി കണ്ട് ഈ പ്രശ്നത്തെ നിസാരവൽക്കരിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സംഭവത്തിന്റെ ഗൗരവം ഉൾക്കൊണ്ടിട്ടില്ല. ഇന്ത്യൻ പ്രസിഡന്റ് സംസ്ഥാനത്ത് വരുമെന്നറിയിച്ചിരുന്ന ഒരു ഘട്ടത്തിൽ ഇത്രയും ഭീകരവാദികളും സംസ്ഥാനത്ത് ഉണ്ടായിരുന്നത് പിടികൂടാൻ സ്പെഷ്യൽ ബ്രാഞ്ചിന് എന്തുകൊണ്ട് സാധിച്ചില്ല. ഈ സംസ്ഥാനത്ത് സുരക്ഷാ ക്രമീകരണങ്ങളും പൂർണ്ണമായി തകർന്നിരിക്കുകയാണ്. പോലീസിലെ ഉന്നത ഉദ്യോഗസ്ഥൻമാർക്ക് ഇതേക്കുറിച്ചൊന്നും നോക്കാൻ സമയമില്ല. ഈ ഭീകരവാദികളും ലണ്ടനിൽ എത്തിയതിന്റെ പിറ്റേ ദിവസം ലണ്ടനിൽ സ്ഫോടനം നടന്നു. അവിടെയുള്ള ഭീകരവാദി സംഘടനകളുമായി ഇവർക്ക് ബന്ധമുണ്ടെന്ന സൂചനകളും പുറത്ത് വന്നിരിക്കുകയാണ്. ഇത്തരത്തിലുള്ള സ്ഥിതിയുണ്ടായിട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്തുകൊണ്ടാണ് ഇത് നിസ്സാരമായി കണ്ടത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന പോലീസ് ഭരണത്തിലുള്ള പിടിപ്പുകേടുകൊണ്ടാണ് ഇത്രയും ഒരു സ്ഥിതിയിലേക്ക് ചെന്നെത്തിയിരിക്കുന്നത്. മുമ്പ് ഇവിടെ കുവൈത്ത് പൗരൻമാർ വന്നു. അവർ തിരിച്ചുപോയി. അന്ന് വലിയ കോളിളക്കം ഉണ്ടായി. ഇന്ന് അതേ തരത്തിലുള്ള അവസ്ഥയിലേക്കാണ് കേരളം മാറിയിരിക്കുന്നത്. ഇത്തരത്തിലുള്ള ചാരൻമാർക്ക്, ഭീകരവാദികൾക്ക് കേരളത്തിൽ വന്നു തങ്ങാനും കുറച്ചു ദിവസങ്ങൾ ഇവിടെ കഴിയാനും ചെയ്യാനും അവസരം ലഭിക്കുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളുടെയും തീർത്ഥാടന കേന്ദ്രങ്ങളുടെയും പേരിൽ ആർക്കും കേരളത്തിൽ വന്ന് താമസിക്കാമെന്നുള്ള സ്ഥിതിയാണ്. ഇതോടുകൂടി എല്ലാ ഭീകരവാദികളുടെയും ഒരു വിഹാരകേന്ദ്രമായി

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ സംസ്ഥാനം മാറിയിരിക്കുകയാണ്. ഇത്തരം കാര്യങ്ങളിൽ ഗവൺമെൻറിന്റെ പരിശോധനയില്ലായ്മ, ഗവൺമെൻറ് ഇടപെടലിൽ കാണിക്കുന്ന വീഴ്ച, ഉന്നതൻമാരായ പോലീസ് ഉദ്യോഗസ്ഥൻമാർ ഇത്തരം കാര്യങ്ങളിൽ തീരെ ശ്രദ്ധിക്കാത്തത്—പോലീസ് ഉദ്യോഗസ്ഥൻമാർക്ക് ഇതൊന്നും പരിശോധിക്കാൻ സമയം കിട്ടുന്നില്ല. അവർക്ക് വേറെ പല പണിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊടുത്തിരിക്കുകയാണ്—ഇതെല്ലാംകൊണ്ട് ഭീകരവാദികൾ ഇവിടെ ക്യാമ്പ് ചെയ്യുന്നു. എന്തായാലും ആ സമയത്ത് ഇന്ത്യൻ പ്രസിഡൻറിന്റെ പരിപാടി റദ്ദ് ചെയ്തതുകൊണ്ട് നമ്മൾ രക്ഷപ്പെട്ടു അല്ലെങ്കിൽ എന്തായിരുന്നു അവസ്ഥ. ആ ഒരു സ്ഥിതി ഒഴിവാക്കാൻ കഴിഞ്ഞു എന്നുള്ളതുകൊണ്ട് ഇതിന്റെ ഗൗരവം കുറഞ്ഞെങ്കിലും ആ ദിവസങ്ങളിൽ അവർ കേരളത്തിൽ ഉണ്ടായിരുന്നുവെന്നുള്ളതും അവരെ കണ്ടുപിടിക്കാൻ സാധിച്ചില്ല എന്നുള്ളതുകൊണ്ട് അവർ കേരളം വിട്ടുപോകാൻ ഇടയായി എന്നുള്ളതും ഗൗരവതരമായ വിഷയമായി കണ്ടുകൊണ്ട് ഈ ഗൗരവതരമായ പ്രശ്നം ചർച്ച ചെയ്യാൻ ഇന്നത്തെ സഭാനടപടികൾ നിർത്തിവെയ്ക്കണം. ഇത് ചർച്ച ചെയ്തശേഷം നമുക്ക് മറ്റ് വിഷയത്തിലേക്ക് കടക്കാം എന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ അടിയന്തിര പ്രമേയത്തിനു ചൂടും വീറും ഉണ്ടാക്കാൻ ലണ്ടനിലെ സ്ഫോടനം വരെ പോകേണ്ടിവന്നു. ഇവർ എന്തുകൊണ്ട് പാസ്പോർട്ടിൽ ഇങ്ങനെ മറിമായം കാണിച്ച് ഇവിടെ എത്തി എന്നും ഇവർക്ക് ഭീകരരുമായി എന്തെങ്കിലും ബന്ധമുണ്ടോ എന്നുള്ള ഇന്നു കേന്ദ്ര ഏജൻസികളും സംസ്ഥാന പോലീസും സംയുക്തമായിട്ട് അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. അന്വേഷണം പൂർത്തിയായി കഴിഞ്ഞാൽ മാത്രമേ എന്തുകൊണ്ട് അവർ വ്യാജ പാസ്പോർട്ടുമായി ഇവിടെ എത്തി; എന്തിന് ഇങ്ങനെ പോയി എന്നതിനെക്കുറിച്ച് ഒരു നിഗമനത്തിൽ എത്താൻ സാധിക്കൂ. അങ്ങ് ഇവിടെ പറഞ്ഞതുപോലെ ഭീകരൻമാരുടെ താവളമൊന്നുമല്ല കേരളം. അതിനുള്ള സാഹചര്യം ഇവിടെ ഒരിക്കലും ഉണ്ടാക്കില്ല. ഇതിനകത്ത് പാസ്പോർട്ട് പരിശോധിച്ച ഉദ്യോഗസ്ഥൻ ഒരു വീഴ്ച പറ്റി. ഇത് മനുവലായിട്ടാണ് ഇവിടെ പരിശോധിക്കുന്നത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ ഒരു കാര്യം വാസ്തവമാണ്. ഇവിടെ ആവശ്യമായിട്ടുള്ള, ടെക്നോളജി ഉപയോഗിച്ച് വ്യാജ പാസ്പോർട്ട് കണ്ടുപിടിക്കുന്നതിനുള്ള ഉപകരണങ്ങളില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒരു കാര്യം വിട്ടു പോയി. ഇവിടുത്തെ എമിഗ്രേഷന്റെ മുഴുവൻ ഉത്തരവാദിത്വവും പ്രൊട്ടക്ടർ ഓഫ് എമിഗ്രേഷനാണ്. അദ്ദേഹം കേന്ദ്ര ഗവൺമെൻറിന്റെ കീഴിലുള്ള ഉദ്യോഗസ്ഥനാണ്. അദ്ദേഹത്തെ സഹായിക്കാൻ പോലീസിൽ ഉൾപ്പെട്ട സ്റ്റാഫിനെ, ഉദ്യോഗസ്ഥൻമാരെ നമ്മൾ ഡെപ്യൂട്ടേഷനിൽ കൊടുക്കുകയാണ് ചെയ്യുന്നത്. എമിഗ്രേഷന്റെ പൂർണ്ണമായ നിയന്ത്രണവും അതിന്റെ കൺട്രോളും എല്ലാം പ്രൊട്ടക്ടർ ഓഫ് എമിഗ്രേഷനാണ്. പക്ഷേ നമ്മൾ കൊടുക്കുന്ന ഉദ്യോഗസ്ഥൻമാരാണ് ജോലികളൊക്കെ ചെയ്യുന്നത്. അവർക്ക് ശമ്പളം കൊടുക്കുന്നതുപോലും ഇന്ത്യാ ഗവൺമെൻറാണ്. മനുവലായി പാസ്പോർട്ട് പരിശോധിച്ചതിലുള്ള ഒരു വീഴ്ച കൊണ്ട്, സംഭവിച്ചതാണ്, മറ്റൊന്ന് ഇന്ത്യൻ പാസ്പോർട്ടിൽ ഇതുപോലെ മറിമായം കാണിച്ചാൽ കണ്ടുപിടിക്കാൻ കുറെക്കൂടി എളുപ്പമാണ്. വിദേശ പാസ്പോർട്ടിൽ ഈ മെഷീൻ ഉപയോഗിച്ച്, ടെക്നോളജി ഉപയോഗിച്ച് പരിശോധിക്കുന്നതുപോലെ മനുവലായി കണ്ടുപിടിക്കാൻ പറ്റാത്ത വിധത്തിലാണ് ഈ വിദേശ പാസ്പോർട്ട് ഇവർ വ്യാജമായി തയ്യാറാക്കിയത്. ഇവിടെ ലോറസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

ടെക്നോളജി അനുസരിച്ച് പാസ്പോർട്ടും മറ്റും പരിശോധിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകണമെന്നു പറഞ്ഞതിനോട് ഞാൻ പൂർണ്ണമായിട്ട് യോജിക്കുന്നു. അത് ഗവൺമെന്റ് ഓഫ് ഇന്ത്യ എമിഗ്രേഷൻ ഡിപ്പാർട്ടുമെന്റിൽ നിന്നു ചെയ്യേണ്ടതാണ്. ഇതുവരെ അത് ചെയ്തിട്ടില്ല. എങ്കിലും ഇത്തരത്തിൽ ഒരു സംഭവം ഉണ്ടായതുകൊണ്ട് ഒരു കാര്യത്തിൽ ഞാൻ തീരുമാനം എടുത്തു കഴിഞ്ഞു. സംസ്ഥാന ഗവൺമെന്റിന്റെ പണം മുടക്കിയാണെങ്കിലും ആ മെഷീൻസ് ഇവിടുത്തെ മൂന്നു എയർപോർട്ടുകളിലും സ്ഥാപിക്കാനായിട്ടു തീരുമാനിച്ചു കഴിഞ്ഞു. പാസ്പോർട്ട് റീഡർ മെഷീൻ, ക്യൂ.ഡി.എക്സ്. മെഷീൻ ഇതു രണ്ടും മൂന്നു എയർപോർട്ടിലും സ്ഥാപിക്കാനായിട്ട് തീരുമാനിച്ചു. അതിന് കേന്ദ്രത്തിൽനിന്നും അനുമതി വാങ്ങുന്നതിനും മറ്റുമായി ഇനിയും ഒരു കാലതാമസം ഉണ്ടാക്കാൻ ആഗ്രഹിക്കുന്നില്ല. നമ്മളും വാങ്ങും അത് കഴിഞ്ഞ് റീഇംപേഴ്സ്മെന്റ് ആവശ്യപ്പെടുകയോ മറ്റോ ചെയ്യാനായിട്ടുള്ള സംവിധാനങ്ങളാണ് നോക്കുന്നത്. 'ഇവരെ മുൻകൂട്ടി വിവരം അറിയിച്ചിരുന്നു, അറിയിച്ചിട്ടും ശ്രദ്ധിച്ചില്ല' എന്നിവിടെ പറഞ്ഞു. അത് കാര്യങ്ങൾക്ക് ഒരു കൊഴുപ്പ് കൂട്ടുന്നതിനുവേണ്ടി പറയാമെങ്കിലും എനിക്ക് കിട്ടിയിട്ടുള്ള വിവരം ഞാൻ ഇവിടെ പറയാം. എന്തായാലും ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഈ സംഭവം പറഞ്ഞ സ്ഥിതിക്ക് അന്വേഷണത്തിന്റെ പരിധിയിൽ അതു കൂടി പെടുത്തും. ഏത് ട്രാവൽ ഏജൻസിയിൽ നിന്നാണ് ഈ ടിക്കറ്റ് ഇഷ്യൂ ചെയ്തത്; അവർ ഈ വിവരം അറിഞ്ഞിരുന്നോ; അവർ ഈ വിവരം എമിഗ്രേഷനെ വിളിച്ചു പറഞ്ഞിരുന്നോ; എന്നുള്ള കാര്യങ്ങളും സഭയിൽ വന്നതുകൊണ്ട്, പുറത്ത് പത്രത്തിൽ വന്നിരുന്നുവെങ്കിൽ ഇത്രയും കാര്യമായി എടുക്കുമായിരുന്നില്ല. പക്ഷേ എനിക്ക് കിട്ടിയ റിപ്പോർട്ട് അനുസരിച്ച് ഈ ട്രാവൽ ഏജൻസിയിൽനിന്നു എമിഗ്രേഷനിൽ വിളിച്ചിട്ട് ചോദിച്ചത് ലണ്ടനിലേയ്ക്ക് പോകാൻ ഉദ്ദേശിക്കുന്ന രണ്ടു വിദേശികൾക്ക് റിട്ടേൺ ടിക്കറ്റ് എടുക്കേണ്ട അവസ്ഥയുണ്ടോ? ഇതാണ് ചോദിച്ചത്. ലണ്ടനിലേയ്ക്ക് പോകേണ്ട രണ്ട് വിദേശികൾ വന്നിട്ടുണ്ട്. അവർക്ക് റിട്ടേൺ ടിക്കറ്റ് എടുത്താൽ മാത്രമേ എമിഗ്രേഷനിൽനിന്നു കടത്തി വിടുകയുള്ളോ എന്നുള്ള ചോദ്യമാണ് ചോദിച്ചത്. അത് കഴിഞ്ഞ് അതിനു മറുപടി കൊടുത്തു. വിദേശികളുടെ പാസ്പോർട്ടിന്റെ സ്വഭാവം അനുസരിച്ച് വിസ ലണ്ടനിൽ എത്തുന്ന സമയം ലഭിക്കുന്നതാണെന്നുള്ളതിനാൽ റിട്ടേൺ ടിക്കറ്റ് വേണ്ടായെന്നു എമിഗ്രേഷനിൽനിന്നു മറുപടി നൽകുകയും ചെയ്തു. ഇതാണ് എനിക്ക് കിട്ടിയിട്ടുള്ള വിവരം, അങ്ങു പറഞ്ഞത് ഞാൻ ഗൗരവമായിട്ട് എടുക്കും. അതുകൂടി ഈ അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തും. കാരണം അവർ ഇങ്ങനെ വിളിച്ചു പറഞ്ഞിരുന്നോ; വിളിച്ചു പറഞ്ഞിരുന്നുവെങ്കിൽ അതു കുറച്ചുകൂടി സീരിയസ്സാണ്. പക്ഷേ എനിക്കു കിട്ടിയിരിക്കുന്ന മറുപടി ഇതാണ്. അങ്ങനെയാണെങ്കിൽ ഈ ട്രാവൽ ഏജൻസി അറിഞ്ഞിട്ട് എന്തുകൊണ്ടാണ് പറയാതിരുന്നത് എന്ന പ്രശ്നം വരുമല്ലോ; അപ്പോഴാ അതു പറഞ്ഞോ ഇല്ലയോ എന്നുള്ളതുകൂടി നിശ്ചയമായിട്ടും അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തും. ഇതു സംബന്ധിച്ച് ഭയാനകമായ സ്ഥിതി ഒന്നുമില്ല. ഇങ്ങനെ ഒരു വീഴ്ച വന്നിട്ടുണ്ട്. അത് മനുവലായിട്ട് നോക്കിയതുകൊണ്ട് വന്നിട്ടുള്ളതാണ്. അത് ഭാവിയിൽ ഉണ്ടാകാതിരിക്കാൻവേണ്ടി അടിയന്തിരമായിട്ട് ഞാൻ പറഞ്ഞ രണ്ടു ഉപകരണങ്ങളും ഇവിടെ വാങ്ങുന്നതാണ്. ഇതിന്റെ അന്വേഷണം വളരെ ത്വരിതപ്പെടുന്നുണ്ട്. കാരണം റോയും ഐ.ബി.യും ഇക്കാര്യത്തിൽ പൂർണ്ണമായിട്ട് സഹകരിക്കുന്നുണ്ട്. അവരുടെ കൂടി നിയന്ത്രണത്തിലും

LIBRARY ARCHIVES Kerala Legislative Assembly

സഹകരണത്തിലും ഐക്യം ബ്രാഞ്ച് അന്വേഷണം നടത്തും. ഇവിടെ നിന്നും മുന്നാമത് ഉണ്ടെന്നു പറയപ്പെടുന്ന ആളിനെ കണ്ടുപിടിക്കാനുള്ള ശക്തമായിട്ടുള്ള നടപടി എടുത്തിട്ടുണ്ട്. ഇത് സഭ നിർത്തിവെച്ച് ചർച്ച ചെയ്യേണ്ട ഒരു വിഷയമാണെന്നു തോന്നുന്നില്ല.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയത്തിനു അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇങ്ങനെ സംവേദിച്ചതിന്റെ കൂടെ മുഴുവൻ കേന്ദ്ര ഗവൺമെന്റിന്റെ ചുമലിൽ കെട്ടിവച്ച് തടിയൂരുകയാണ് ഇപ്പോൾ ചെയ്തിരിക്കുന്നത്. കേന്ദ്രത്തിലെ ഒരു ഉദ്യോഗസ്ഥനാണ് എമിഗ്രേഷന്റെ മുഖ്യ ചുമതല എന്നു പറഞ്ഞു കൊണ്ട് മുഖ്യമന്ത്രി തടിതപ്പുകയാണ്. എമിഗ്രേഷൻ ഡിപ്പാർട്ടുമെന്റിലുള്ള ഡി.വൈ.എസ്.പി. ഉൾപ്പെടെയുള്ള എല്ലാ ആളുകളേയും കേരള പോലീസിൽ നിന്നും ഡെപ്യൂട്ടേഷനിൽ കൊടുക്കുന്നതാണ്. ഇത് കേരളാ പോലീസിന്റെ പ്രത്യേക ചുമതലയിൽപ്പെടുത്തുകൊണ്ടാണ്. കേന്ദ്ര ഗവൺമെന്റുതന്നെ അതാത് സംസ്ഥാനങ്ങളിലെ പോലീസുദ്യോഗസ്ഥരെ ഇതിനുവേണ്ടി ഡെപ്യൂട്ടേഷനിൽ എടുക്കുന്നത്. അതിൽ വന്നിട്ടുള്ള വീഴ്ച പരിശോധിക്കുന്നതിനു മുഖ്യമന്ത്രി തയ്യാറായിട്ടില്ല. മാത്രമല്ല, ആറ് ദിവസം വരെ അവർ കേരളത്തിലുണ്ടായിരുന്നു. അതും എയർപോർട്ടിനു പുറത്താണ് അവർ താമസിച്ചത്. എയർപോർട്ടിനു പുറത്ത് കോവളത്ത് അവർ തങ്ങിയിട്ടും നമ്മുടെ ലോക്കൽ പോലീസിനു ഈ ഭീകരവാദികളെക്കുറിച്ച് എന്തുകൊണ്ട് വിവരം കിട്ടിയില്ല? ഇത് നമ്മുടെ സ്പെഷ്യൽ ബ്രാഞ്ച് എന്തുകൊണ്ട് പരിശോധിച്ചില്ല? അതിനെ കുറിച്ച് മുഖ്യമന്ത്രിക്ക് ഉത്തരമില്ല. മുഖ്യമന്ത്രി പറയുന്നത് റിസർച്ച് ആൻഡ് അനാലിസിസ് വിംഗിനെ അറിയിച്ചിട്ടുണ്ട് എന്നാണ്. ഇവരെ പിടികൂടിയത് അതിരാവിലെ എട്ടു മണിക്ക് തിരുവനന്തപുരത്ത് വച്ചുമാണ്. ഇവിടത്തെ ഡി.ജി.പി.യും ഡി.ഐ.ജി.യും സിറ്റി പോലീസ് കമ്മീഷണറുമൊക്കെ എയർപോർട്ടിൽ പോയി. RAW-യെ അറിയിക്കുന്നത് രാത്രി ആറ് മണിക്കാണ്. അവിടെ എട്ടു മണിക്ക് ഇത് സംബന്ധിച്ച വിവരം കിട്ടിയിട്ട് ഒരുപകലും ഒരു രാത്രിയും മണി വരെ തിരുവനന്തപുരത്തുള്ള കേന്ദ്ര ഗവൺമെന്റിന്റെ ഇന്റലിജൻസ് ഓഫീസിൽ ഈ വിവരം അറിയിക്കാൻ എന്തുകൊണ്ട് താമസിച്ചു? ഇവിടത്തെ ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാരുടെ ഭാഗത്ത് പറ്റിയ വീഴ്ച മുഖ്യമന്ത്രി മനഃപൂർവ്വം മറച്ച് പിടിക്കുകയാണ് ഇവിടെ ചെയ്തത്. മറെറാന്ന് 'പയനിയർ' പത്രത്തിൽ പറഞ്ഞിരിക്കുന്നു. ട്രാവൽ ഏജൻസിയിൽനിന്ന് എമിഗ്രേഷനിൽ വിളിച്ച് പറഞ്ഞപ്പോഴാണ് ഇതു സംബന്ധിച്ച് പറയുന്നത് "She informed the immigration officer of her doubts about the travel documents and the identity of the two people who had approached her for tickets. She also gave the officer the details of their travel plan. Mrs. Rajendran says she was asked to mind her business". എന്നാണ്. മുഖ്യമന്ത്രി ഇതിനെക്കുറിച്ച് പറയുന്നത് പത്രവാർത്ത കണക്കിലെടുക്കില്ല എന്നാണ്. അങ്ങനെ കണക്കിലെടുക്കാതിരിക്കാനുള്ള ഒരു പത്രവാർത്ത ആണോ ഇത്? മുഖ്യമന്ത്രിയും ഗവൺമെന്റും ഇക്കാര്യത്തിൽ സ്വീകരിക്കുന്ന സമീപനമാണ് ഇപ്പോഴും പുറത്തു വന്നിരിക്കുന്നത്. ഈ സമീപനത്തോട് ഞങ്ങൾക്ക് തീരെ യോജിക്കാൻ കഴിയില്ല. ഇത് രാജ്യസുരക്ഷയെ ബാധിക്കുന്ന പ്രശ്നമാണ്. ഈ സംസ്ഥാനത്തെ ജനങ്ങളുടെ ജീവന്റെ പ്രശ്നമാണ്. കേരള ഗവൺമെന്റിന്റെ പോലീസ് ഡിപ്പാർട്ടുമെന്റിന് ഇത്തരം കാര്യങ്ങളിലൊന്നും

LIBRARY ARCHIVES Kerala Legislative Assembly

താൽപ്പര്യമില്ല. ഡി.ജി.പി. തന്നെ കോഴിക്കോട്ട് ഇന്നലെ പറഞ്ഞു എസ്.എച്ച്.ഐ.-ക്കാരെ അടിക്കാത്ത ഉദ്യോഗസ്ഥൻമാർക്ക് പോലീസിൽ സ്ഥാനമില്ല എന്ന്, എം.എൽ.എ.-മാരെയും എം.പി. മാരെയും വിദ്യാർത്ഥി പ്രതിനിധികളേയും അടിക്കാൻ പോലീസുണ്ട്. ടീകരൻമാർ വന്നാൽ അവരെ ഒരു പോറൽ പോലും ഏൽപ്പിക്കാതെ തിരിച്ചയയ്ക്കുന്ന പോലീസായി കേരളത്തിലെ പോലീസ് മാറിക്കൊണ്ടിരിക്കുകയാണ്. പോലീസുകാർക്ക് ചൂട്ടു പിടിക്കുന്ന മുഖ്യമന്ത്രിയുടെ സമീപനമാണ് അടിസ്ഥാനപരമായ പ്രശ്നം. ഡി.ജി.പി.-യുടെ നേതൃത്വം നടപ്പാക്കുന്ന ഇവിടത്തെ പോലീസ് നയം പ്രതിപക്ഷത്തെ അടിച്ചമർത്തുക എന്നുള്ളതാണ്. ടീകരൻമാർക്കും ചാരൻമാർക്കും ഇവിടെ വരാം. ടീകരവാദികളുടെ പറുദീസയായി കേരളം മാറിക്കൊണ്ടിരിക്കുന്നു. അതിന് ഒത്താശ ചെയ്തു കൊടുക്കുന്ന മുഖ്യമന്ത്രിയുടെ ഈ സമീപനത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(ശ്രീ. കോടിയേരി ബാലകൃഷ്ണനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ടോമത് മറുപടി പറഞ്ഞപ്പോൾ എച്ചിഗ്രഷന്റെ ഉദ്യോഗസ്ഥൻമാരെ, കേന്ദ്ര ഗവൺമെന്റിന്റെ പ്രൊട്ടക്ടർമാരെക്കുറിച്ച് പറഞ്ഞു. അതിന്റെ സാങ്കേതികത്വം ശരിയായിരിക്കാം. പക്ഷേ ഇത് സമ്പൂർണ്ണമായി സംസ്ഥാന പോലീസിനും ഉത്തരവാദിത്വമുള്ള ഒന്നാണ്. അത് തെറ്റിദ്ധാരണയുണ്ടാക്കുന്ന രീതിയിൽ പ്രസ്താവിക്കുന്നത് ശരിയല്ല. സംസ്ഥാന ഗവൺമെന്റിനും ഉത്തരവാദിത്വമുണ്ട്. ശ്രീ. കോടിയേരി ഇവിടെ പറഞ്ഞതിനോട് കൂട്ടിച്ചേർത്ത് രണ്ട് കാര്യങ്ങൾകൂടി സൂചിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചുമതല പ്പെടുത്തിയതനുസരിച്ച് ഞാനും ബഹുമാനപ്പെട്ട എ. എൻ. രാജൻ ബാബുവും ശ്രീ. രാധാകൃഷ്ണനും ഗാഹിലെ ജയിലുകളിൽ പോയി. അന്ന് ഞങ്ങൾ സന്ദർശിച്ച ജയിലുകളിൽനിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരിൽനിന്നും മനസ്സിലാക്കിയത് ഏറ്റവും കൂടുതൽ കള്ള പാസ്പോർട്ട് ഉപയോഗിച്ച്, അനധികൃതമായ രീതിയിൽ ഇൻഡ്യയിൽനിന്ന് പലരും വിദേശത്തേക്ക് എത്തുന്നത് കേരളത്തിലെ വിമാനത്താവളത്തിൽ കൂടിയാണ് എന്നാണ്. പ്രത്യേകിച്ചും തിരുവനന്തപുരത്തു നിന്നാണ് വരുന്നത്. ഈ റിപ്പോർട്ടു കളൊക്കെ ഗവൺമെന്റിന്റെ മുന്നിലുള്ളപ്പോൾ മുന്ന് വിദേശികരം പ്രത്യേകിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള പല ചാര സംഘടനകളുമായി വലിയ ബന്ധമുണ്ടെന്ന് പറയപ്പെടുന്നവർ ഒരാഴ്ച തിരുവനന്തപുരത്ത് താമസിച്ചു. എയർപോർട്ടിലെ ഒരു ഉദ്യോഗസ്ഥന് തെറ്റു പറ്റി എങ്കിൽ ശരി. എന്നാൽ ഒരാഴ്ച തിരുവനന്തപുരത്തിന്റെ തലസ്ഥാന നഗരിയിൽ താമസിച്ചിട്ട് അവരെക്കുറിച്ച് മനസ്സിലാക്കാനോ അവരുടെ ബന്ധങ്ങളെ കുറിച്ച് അന്വേഷിക്കാനോ അവർക്ക് മറ്റേതെങ്കിലും തരത്തിലുള്ള കണക്ഷനുകൾ കേരളത്തിൽ മറ്റാരെങ്കിലുമായി ഉണ്ടോ എന്നുള്ളത് മനസ്സിലാക്കാനോ കേരളത്തിലെ പോലീസ് ഡിപ്പാർട്ടുമെന്റിനും ഇന്റലിജൻസ് വിഭാഗങ്ങൾക്കും സ്പെഷ്യൽ ബ്രാഞ്ചിനും കഴിഞ്ഞില്ല എന്നു പറഞ്ഞാൽ അത് പോലീസ് ഡിപ്പാർട്ടുമെന്റിന്റെ വളരെ ഗൗരവമായ വീഴ്ചയാണ്. അതുകൊണ്ടാണ് ഞങ്ങൾ ഇവിടെ ഉന്നയിക്കുന്നത്. അങ്ങ് ഒരു കാര്യം കൂടി പറഞ്ഞു. അതും വളരെ അപകടകരമായ ഒരു സൂചനയാണ്. പത്രങ്ങളിൽ വരുന്നത് ഞാൻ ശ്രദ്ധിക്കുന്നില്ല എന്നാണ് പറഞ്ഞത്; പത്രങ്ങൾ വളരെ സത്യസന്ധമായി അന്വേഷണാത്മകമായ വിധത്തിൽ അവരുടെ ലേഖകൻമാർ കാര്യങ്ങൾ മനസ്സിലാക്കിയാണ് പല റിപ്പോർട്ടുകളും പ്രസിദ്ധീകരിക്കുന്നത്. ചില പത്രങ്ങളിൽ ചിലപ്പോൾ വസ്തുതകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

നിരക്കാത്തതോ അല്ലെങ്കിൽ അതിശയോക്തിപരമായതോ ആയ വാർത്തകൾ വന്നിട്ടുണ്ടാകാം. പക്ഷേ പത്രങ്ങൾ ചൂണ്ടിക്കാണിക്കുന്നതും പത്രങ്ങളിലൂടെ പുറത്തു കൊണ്ടുവരുന്നതുമായ കാര്യങ്ങൾ ഞാൻ ശ്രദ്ധിക്കുന്നില്ല, വേണ്ടതുപോലെ ട്രെൻഡ് ചെയ്യുന്നത് ശരിയല്ല എന്നത് അപകടകരമായ ഒരു സൂചനയാണ്. ഞങ്ങൾ നിയമസഭയിൽ പറയുന്നതുപോലെ തന്നെ പ്രധാനപ്പെട്ടതായി പത്രമാദ്ധ്യമങ്ങളിലൂടെ ഇത്തരം കാര്യങ്ങൾ വരുന്നതും ഗവൺമെന്റ് ശ്രദ്ധിക്കണം.

കഴിഞ്ഞ കുറെ ദിവസങ്ങളായി ജുഡീഷ്യൽ കമ്മീഷന്റെ മുമ്പാകെ മാറാട് സംഭവത്തെക്കുറിച്ച് തെളിവെടുപ്പു നടന്നു വരികയാണ്. ആ തെളിവെടുപ്പ് വേളയിൽ പല പ്രധാനപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാരും പ്രഗൽഭരായ വ്യക്തികളും കൊടുക്കുന്ന മൊഴി ഒന്നു പരിശോധിച്ചാൽ കഴിഞ്ഞ കുറെ മാസങ്ങളായി കേരളത്തിന്റെ ചില തീരപ്രദേശങ്ങളിൽ പ്രത്യേകിച്ച് ചില കേന്ദ്രങ്ങളിൽ വിശേഷിച്ചും നാലഞ്ച് ജില്ലകളെ ഐഡന്റിഫൈ ചെയ്ത് പറയുന്നുണ്ട്. അന്താരാഷ്ട്ര നീലവാരത്തിലുള്ള ബന്ധമുള്ള ഭീകരവാദികളായ പലരും കേരളത്തിൽ താവളമടിക്കുന്നുണ്ടെന്നും കോടിക്കണക്കിന് രൂപയുടെ ഹവാല പണവും പല രീതിയിൽ ആയുധങ്ങളും എത്തുന്നുണ്ടെന്നും മനസ്സിലാകും. കടൽ മേഖലയിൽ ചില കപ്പലുകളും ബോട്ടുകളും സംശയാസ്പദമായ രീതിയിൽ കണ്ടെത്തിയതായി നമ്മുടെ കോസ്റ്റ് ഗാർഡുകൾ റിപ്പോർട്ട് ചെയ്തിരിക്കുന്നു. അങ്ങനെ അപകടകരമായ വിധത്തിൽ തീവ്രവാദപ്രസ്ഥാനങ്ങളും ടെററിസ്റ്റുകളും കേരളത്തെ ഒരു 'കേന്ദ്രമാക്കുന്നു എന്നുള്ള പല വിവരങ്ങളും ഗവൺമെന്റിന്റെ മുമ്പിൽ വരുമ്പോൾ അത് ശ്രദ്ധിക്കണം. അതിനനുസരിച്ച് ഗവൺമെന്റ് നടപടി എടുക്കാൻ തയ്യാറാകാത്തതിന്റെ ഫലമായി മൂന്ന് ഭീകരവാദികൾ ഇവിടെ വന്ന് താമസിച്ച് നമ്മുടെ വിമാനത്താവളംവഴി കടന്നുപോയത് കേരളത്തിന് വലിയ അപമാനമുണ്ടാക്കിയ സംഭവമല്ലേ? ദോഹയിൽനിന്ന് അവരെ ഉടൻ തിരുവനന്തപുരത്തേക്കാണ് തിരിച്ചയച്ചത്. തിരുവനന്തപുരം വിമാനത്താവളത്തെക്കുറിച്ചും നമ്മുടെ സ്റ്റേറ്റിനെക്കുറിച്ചും ടെററിസ്റ്റുകളുടെ ഒരു കേന്ദ്രമായി മാറുന്നു എന്ന് അന്താരാഷ്ട്രതലത്തിൽ അപകീർത്തികരമായ വാർത്തകളാണ് വന്നത്. ഇത്തരം കാര്യങ്ങൾ ഗൗരവപൂർവ്വം ചർച്ച ചെയ്യുന്നതിനു പകരം പോലീസിനെ ന്യായീകരിക്കുകയും പോലീസ് ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള ഉത്തരങ്ങൾ അതേപടി പറയുകയും ചെയ്യുന്നതു ശരിയല്ല. പ്രസിഡന്റ് ഓഫ് ഇൻഡ്യ കേരളത്തിലുള്ള ദിവസങ്ങളിൽ ഇതുപോലെ സംഭവങ്ങളുണ്ടാകുമെന്നുള്ളതുകൊണ്ട് സുരക്ഷിതത്വം ഉറപ്പു വരുത്താൻ ഉത്തരവാദപ്പെട്ട ഗവൺമെന്റ് എന്ന നിലയിൽ മുഖ്യമന്ത്രി ഞങ്ങൾ ഇവിടെ ഉന്നയിച്ച കാര്യംകൂടി ഉൾക്കൊണ്ടുകൊണ്ട് ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം നൽകാനുള്ള ബാദ്ധ്യത ഏറെടുക്കുന്നതിനു പകരം, അതിനെ ഗൗരവത്തിലെടുക്കുന്നതിനു പകരം ഒരു ചർച്ച പോലും വേണ്ട എന്ന രീതിയിലുള്ള നടപടി സ്വീകരിച്ചതിൽ ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയിലെ അംഗങ്ങളും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. കെ. പി. രാജേന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. സി. കെ. നാണു: സർ, സാധാരണയിൽനിന്നും വ്യത്യസ്തമായി നമ്മുടെ രാജ്യത്തടക്കം പല രാജ്യങ്ങളിലും ഭീകരപ്രവർത്തനങ്ങളും ജനങ്ങളിൽ ഭയപ്പാട് ഉളവാക്കുന്ന രീതിയിൽ നടന്നു കൊണ്ടിരിക്കുന്ന ഒരു ഘട്ടമാണിത്. അങ്ങനെയുള്ള ഒരു ഘട്ടത്തിൽ ഏത് കേന്ദ്രഭരണകൂടത്തിനും സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

രേണകൂടത്തിനും അതായതു സംസ്ഥാനങ്ങൾ തീവ്രവാദികൾക്കോ ടീകരവാദികൾക്കോ താവളമാകുന്ന രീതിയിൽ അല്ലെങ്കിൽ സഹായകമാകുന്ന രീതിയിൽ ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനം ഉണ്ടാകുന്നുണ്ടെങ്കിൽ അതു തടയാനുള്ള ചുമതലയുണ്ട്. ഇവിടെ വ്യക്തമാക്കിയതുപോലെ അടിയന്തിരമായി ഒരു ടീകരവാദി തിരുവനന്തപുരത്തേക്ക് വിളിച്ചു മറ്റവർ പോയോ അല്ലെങ്കിൽ അവരെപ്പറ്റിയുള്ള വിവരങ്ങൾ അന്വേഷിക്കുകയും ചെയ്തു, ട്രാവൽ ഏജൻസി ഓഫീസിൽനിന്നും ആ വിവരം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാർക്കു കൊടുത്തിട്ടും അതിനെ സംബന്ധിച്ചു ഗൗരവതരമായി അന്വേഷണം ഉണ്ടായിട്ടില്ല. നമ്മുടെ സംസ്ഥാനത്തു ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഇക്കാര്യത്തിൽ കടുത്ത വീഴ്ച വന്നിട്ടുണ്ട്. സാധാരണനിലയിലുള്ള ഒരു പ്രശ്നമായി ഇതിനെ കാണരുത്. ഗൗരവമായ പ്രശ്നമാണിത്. അങ്ങനെയുള്ള സാഹചര്യത്തിൽ ഇവിടെ പറഞ്ഞതുപോലെ ഒന്നുരണ്ടു ദിവസങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ടതും സെക്യൂരിറ്റിയെ സംബന്ധിച്ചു വളരെ ഗൗരവമായി കൈകാര്യം ചെയ്യേണ്ടതുമായ ഘട്ടമാണ്. അങ്ങനെയുള്ള ഘട്ടത്തിൽ വിവരം അറിഞ്ഞും പത്രങ്ങളിൽ അത്തരം റിപ്പോർട്ടുകൾ വന്നു കഴിഞ്ഞാൽ ഇതിന്റെ അടിസ്ഥാനത്തിലും നടപടികൾ സ്വീകരിക്കാനുള്ള ഉത്തരവാദിത്വം നമ്മുടെ പോലീസിന്റെ ഈ മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വിഭാഗത്തിനുണ്ട്. നമ്മുടെ ഭാഗത്തുനിന്ന് ഒരു വീഴ്ച വന്നു, പോരായ്മ വന്നുവെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെ സംബന്ധിച്ചു പരിശോധിച്ചു ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. ഇവിടെത്തന്നെ നിലവിലുള്ള വസ്തുതകൾ വിശദീകരിച്ചുകൊണ്ടു ഇതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ കർശനമായ നിലപാടു സ്വീകരിക്കുവാൻ ഇന്നത് ചെയ്തുകൊണ്ടിരിക്കുന്നു എന്ന് വ്യക്തമാക്കേണ്ടതായിരുന്നു. അതിനെ സംബന്ധിച്ചു ഈ സന്ദർഭത്തിനാവശ്യമായ രീതിയിലുള്ള ഒരു മറുപടി ലഭിക്കാത്തതിന്റെ പേരിൽ ഞങ്ങളും വാക്കൗട്ടിൽ പങ്കുചേരുന്നു.

(ശ്രീ. സി. കെ. നാണുവും അദ്ദേഹത്തിന്റെ പാർട്ടിയിൽപെട്ട അംഗങ്ങളും സഭയിൽനിന്ന് ഇറങ്ങിപ്പോയി)

ശ്രീ. എ. എ. അസീസ്: നമ്മുടെ സംസ്ഥാനത്ത് രാജ്യാന്തര ബന്ധമുള്ള മൂന്ന് ടീകരർ ആറ് ദിവസം വന്ന് താമസിക്കാൻ ഇടയായത് നമ്മുടെ പോലീസിന്റെ വീഴ്ചയാണ്. ആ വീഴ്ച കണ്ടെത്താൻ കഴിയാത്ത സ്ഥിതിയിൽ ഇക്കാര്യം സഭയിൽ ചർച്ച ചെയ്യണമെന്ന ആവശ്യം അംഗീകരിക്കാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും ഈ വാക്കൗട്ടിൽ പങ്കെടുക്കുകയാണ്. 10 A.M.]

(ശ്രീ. എ. എ. അസീസും സഭയിൽ നിന്ന് പുറത്ത് പോയി.)

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇവിടെ രണ്ടുകാര്യം മുഖ്യമന്ത്രി പറയേണ്ടിയിരിക്കുന്നു. ഒന്ന് ശ്രീ. കോടിയേരി പറഞ്ഞ ഒരു പോയിന്റിനു അദ്ദേഹം മറുപടി പറഞ്ഞില്ല. വളരെ പ്രധാനമാണ്. മൂന്നുപേരിൽ ഒരാൾ ഡൽഹിയിൽ ചെന്നതിനുശേഷം അദ്ദേഹം ട്രാവൽ ഏജൻസിയെ വിളിച്ചു അവർ പോയോ എന്ന് അന്വേഷിച്ചു എന്നു പറയുമ്പോൾ ആ ടെലിഫോൺ നമ്പർ ട്രാവൽ ഏജൻസിയിൽ ഉണ്ടായിരുന്ന ആ വനിത പോലീസിനെ അറിയിച്ചോ എന്നുള്ള ഭാഗത്തിന് ഒരു മറുപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് വന്നില്ല. മറ്റുള്ള കാര്യങ്ങളാണ് പറഞ്ഞത്. അന്വേഷിക്കപ്പെടേണ്ട പ്രശ്നമാണ്. ലാത്തിയിൽ ഏത്തിക്കഴിഞ്ഞാൽ തിരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

വരാനുള്ള ടിക്കറ്റ് കൊടുക്കണമോ എന്നുമാത്രമേ അങ്ങ് പറഞ്ഞുള്ളൂ. വളരെ പ്രധാനപ്പെട്ട ഒരു കാര്യം ഇറാൻകാരനായ മൂന്നാമത്തെ ആൾ കോവളത്തു നിന്ന് ഡെൽഹിയിൽ എത്തിയശേഷം ട്രാവൽ ഏജൻറിനെ വിളിച്ചു എന്നതാണ്. ആ നമ്പർ കാലത്ത് തന്നെ ഐ. ബി.-ക്ക് ട്രാൻസ്ഫർ ചെയ്തു. പത്രത്തിൽ വാർത്ത വന്നതും ശ്രീ. കോടിയേരി പറഞ്ഞത് ആ സമയത്ത് രണ്ട് മിനിട്ട് കൊണ്ടോ മൂന്ന് മിനിട്ട് കൊണ്ടോ ഡെൽഹിയിൽ ആ ടെലിഫോൺ നമ്പറും കാര്യങ്ങളും അറിയിച്ചിരുന്നുവെങ്കിൽ മൂന്നാമനെ പിടികൂടാനുള്ള സൗകര്യം ഉണ്ടാകുമായിരുന്നു എന്നാണ്. മൂന്നാമനെ കിട്ടാനുള്ള സൗകര്യം കേരളത്തിലെ പോലീസ് നഷ്ടപ്പെടുത്തി. തീർച്ചയായിട്ടും ഈ ഒരു പോയിൻറ് പ്രധാനമായും അന്വേഷിക്കേണ്ടതാണ്. ഇവിടെ ഉപകരണമില്ലാത്തതിൻറെ കുഴപ്പമാണെന്നുള്ള കാര്യമൊക്കെ ഞാൻ സമ്മതിച്ചു. അതിലേക്ക് ഞാൻ കടക്കുന്നില്ല. മറ്റൊരു പ്രധാന കാര്യമുണ്ട്. ഗവൺമെൻറിൻറേയും പോലീസിൻറേയും ശ്രദ്ധയിൽപ്പെടാതെ ഒരു വിദേശ പാസ്പോർട്ടുമായി ആളുകൾ ഇൻഡ്യയിൽ എത്തിയെങ്കിൽ ഒരു ഹോട്ടലിലോ റിസോർട്ടിലോ ആണെങ്കിൽ ആ വിവരം ഈ ഹോട്ടലിൽ പ്രവേശിക്കുന്നതിനുമുമ്പ് തന്നെ അവിടെ അറിയിക്കണമെന്നുണ്ട്. ചെക്ക്-ഇൻ ചെയ്യുമ്പോൾ തന്നെ ഹോട്ടലിൽ അറിയിക്കുകയും ആ ഹോട്ടലിൻറെ അടുത്തുള്ള പോലീസ് സ്റ്റേഷനിലോ ഐ. ബി.-യേയോ അറിയിക്കുകയും ചെയ്യുകയെന്നുള്ള ഒരു തീരുമാനം ഇൻഡ്യയിൽ നിലവിലുണ്ട്. ഹോട്ടലിൽ പ്രവേശിച്ചാൽ ഉടൻ തന്നെ വിദേശികൾ താമസിക്കുന്ന ഹോട്ടലിൻറെ ഉടമ അല്ലെങ്കിൽ അവിടുത്തെ ഉത്തരവാദപ്പെട്ടവർ പോലീസിൽ അറിയിക്കുകയെന്ന ഉത്തരവാദിത്വം നിലവിലിരിക്കുന്ന ഒരു രാഷ്ട്രമാണ് ഇൻഡ്യ. അങ്ങനെയെങ്കിൽ ആറ് ദിവസം കോവളത്ത് താമസിച്ച് വിദേശികൾ കൊടുത്ത അഡ്രസ്സും പാസ്പോർട്ടും ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളുടേയും വിവരം ഹോട്ടൽ ഉടമ പോലീസിനെ അറിയിച്ചുവെന്ന് അവകാശപ്പെടുമ്പോൾ ഏത് പോലീസിനെയാണ് എവിടെയാണ് അറിയിച്ചത് എന്നുള്ളത് അന്വേഷണത്തിന് വിധേയമാക്കേണ്ട മറ്റൊരു കാര്യമാണ്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം ഇന്ന് നിലവിൽ നമ്മുടെ പോലീസ് വളരെ ജാഗ്രതയുള്ള പോലീസാണ്. എത്രയൊലും 16-ഉം 17-ഉം വയസ്സുള്ള പെൺകുട്ടികളെ പോലും ഗ്രനേഡ് എറിഞ്ഞ് പരിക്കേൽപ്പിക്കാൻ സമർത്ഥരായ നമ്മുടെ പോലീസ് ഇക്കാര്യങ്ങളൊന്നും കണ്ടുപിടിക്കാൻ അലംഭാവം കാണിച്ചില്ലെന്നുള്ളതാണോ? മിസ്സ് രാജേന്ദ്രൻ എന്ന സ്ത്രീ ഇമിഗ്രേഷനിലേക്ക് വിളിച്ച് സംശയമുണ്ടെന്ന് പറഞ്ഞു എന്നുപറയുന്നു. അതുകൊണ്ട് രണ്ടു മൂന്ന് കാര്യങ്ങളും വളരെ പ്രധാനമായും അന്വേഷിക്കേണ്ടതാണ്, നമ്മുടെ ഐ. ബി. (ഇൻറലിജൻസ് ബ്യൂറോ)-യെ അറിയിക്കാൻ അല്ലെങ്കിൽ R.A.W (Research and Analysis Wing)-യെ അറിയിക്കാൻ ഉണ്ടായ കാലതാമസം വെളിപ്പെടുത്തണം. കാലത്ത് 6 മണിക്ക് ഇവർ തിരിച്ച് deport ചെയ്തു. Deport ചെയ്തതിനുശേഷം ഇവിടുത്തെ ഐ. ബി. വൈകിട്ട് 6 മണിവരെ ഇത് അറിയിക്കാൻ ഉണ്ടാക്കിയ കാലതാമസം ഗുരുതരമായ കാലതാമസമാണ്. ഈ കാലതാമസത്തിന് നമുക്ക് മറുപടി പറയാൻ കഴിയുന്നില്ല. അതുകൊണ്ട് ഇക്കാര്യങ്ങളെ സംബന്ധിച്ച് സമഗ്രമായ ഒരു അന്വേഷണവും ഇതിനെ സംബന്ധിച്ച് ഒരു ചർച്ചയും ഈ സഭയിൽ നടക്കേണ്ടതാണ്. ഇവിടെ നിന്ന് യാത്ര പുറപ്പെട്ട രണ്ട് ടീകർ ഇംഗ്ലണ്ടിൽ എത്തുകയും പിറേന്ന് നടന്ന സ്ഫോടനത്തിൽ ഉൾപ്പെടുകയും ചെയ്തിരുന്നെങ്കിലും അതിൻറെ സാധ്യത തള്ളിക്കളയാൻ പറ്റില്ല. There is a remote chance. അങ്ങനെയായിരുന്നെങ്കിൽ അത് ഇൻഡ്യക്കും കേരളത്തിനും എത്രമാത്രം അപമാനം ഉണ്ടാക്കുമായിരുന്നു എന്നുള്ളത് ആലോചിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രസിഡൻറിന്റെ കാര്യമൊന്നും ഞാൻ പറയുന്നില്ല. അത് ഇവിടുത്തെ സെക്യൂരിറ്റിയുടെ കാര്യമാണ്. അതുകൊണ്ട് ഇക്കാര്യത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്താനും അതിനെക്കുറിച്ച് കാര്യമായ ചർച്ച നടത്താനും തയ്യാറാകാത്തതിലുള്ള പ്രതിഷേധം അറിയിച്ചുകൊണ്ട് ഈ വാക്കൗട്ടിൽ ഞാനും പങ്കെടുക്കുകയാണ്".

(ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും സംഘവും പുറത്തുപോയി.)

ശ്രീ. ടി. എം. ജേക്കബ്: സർ, അടിയന്തിര പ്രമേയത്തിന് ഞങ്ങളും നോട്ടീസ് തന്നിരുന്നതാണ്. ഇവിടെ വിശദമായി ശ്രീ. കോടിയേരി കുറേ കാര്യങ്ങളും പറഞ്ഞു. ഒന്നുരണ്ട് കാര്യങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് കോൺട്രഡിക്ടറിയാണെന്ന് ചൂണ്ടിക്കാണിക്കാതിരിക്കാൻ എനിക്ക് നിവൃത്തിയില്ല. ഞാൻ കരുതിയത് ഈ വിഷയം ഒരു മണിക്കൂർ സമയമെങ്കിലും ചർച്ച ചെയ്യാമെന്ന് മുഖ്യമന്ത്രി പറയുമെന്നാണ്. ഇതിനകത്ത് രാഷ്ട്രീയമില്ലല്ലോ? നമ്മുടെ രാഷ്ട്രത്തിന്റെ പൊതുവായ സുരക്ഷിതത്വത്തെ ബാധിക്കുന്ന ഗൗരവതരമായ വിഷയമാണ്. മുഖ്യമന്ത്രി ഇതിനെ വേറെ angle-ൽ എടുത്തുവെന്നാണ് അദ്ദേഹത്തിന്റെ സംസാരത്തിൽനിന്ന് എനിക്ക് തോന്നിയത്. അദ്ദേഹം പറഞ്ഞ ഒരു കാര്യം മൂന്ന് വിദേശികളെ സംബന്ധിച്ചാണ് ഈ വിഷയം ഉണ്ടായിരിക്കുന്നത്. അതിൽ രണ്ടുപേർ ജുഡീഷ്യൽ കസ്റ്റഡിയിലാണ്; ഒരാൾ ഇൻഡ്യയിൽ എവിടെയോ ഉണ്ട്. അത് എവിടെയാണെന്ന് ട്രെയിസ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഈ വിദേശികളും 14-ാം തീയതി ഇവിടെ വന്നിട്ട് അവർ താമസിച്ചത് വിൽസൺ ടൂറിസ്റ്റ് ഹോമിലാണ്. മുഖ്യമന്ത്രിക്ക് ഈ റിപ്പോർട്ട് എഴുതി തന്ന പോലീസ് ഉദ്യോഗസ്ഥൻ വിൽസൺ ടൂറിസ്റ്റ് ഹോമിനെക്കുറിച്ച് എഴുതിത്തന്നോ? ഞാൻ മനസ്സിലാക്കുന്നിടത്തോളം അത് ഒരു ദിവസം 250 രൂപ റൂം റെൻറ് റേറ്റ് ഉള്ള വളരെ ചെറിയ ഒരു ലോഡ്ജാണ് എന്നാണ്. ഇവിടെ വന്നതിനുശേഷം പോകുന്നതുവരെ ഈ രണ്ട് പേരും ആയുർവ്വേദ ചികിൽസയ്ക്ക് പോയിട്ടില്ല. ഞങ്ങളുടെ അന്വേഷണത്തിൽ കിട്ടിയ വിവരം മുഖ്യമന്ത്രിയെ അറിയിക്കുകയാണ്. ഇവർ രണ്ടുപേരും നിരന്തരമായി മൊബൈൽ ഫോൺ ഉപയോഗിച്ചിരുന്നു. പ്രീ-പെയ്ഡ് മൊബൈൽ ഫോൺ ആണ് ഉപയോഗിച്ചിരുന്നത്. അതിനുശേഷമാണ് ഇവിടെ സൂചിപ്പിച്ച നെയ്യാടി ട്രാവൽസിൽ ഇവർ എത്തിയത്. ജൂലായ് 13-ാം തീയതി ഇവർ ടിക്കറ്റ് ചോദിക്കാൻ വന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞല്ലോ ഇവരുടെ വിസ ലണ്ടനിലേക്കാണെന്ന്. അപ്പോഴാണ് ഇവിടെ നിന്ന് അവർ തിരിച്ചു വരുന്നു എന്നുള്ള കാര്യങ്ങളൊക്കെ വെരിഫൈ ചെയ്തതിനുശേഷം മാത്രമേ മടക്കം ടിക്കറ്റിന്റെ കാര്യം ഉള്ളൂ എന്നു പറഞ്ഞു. ഒരു ട്രാവൽ ഏജൻറിന് വിസയെക്കുറിച്ചും മടക്ക ടിക്കറ്റിനെ കുറിച്ചും അറിഞ്ഞുകൂടാ എന്ന് പോലീസ് പറഞ്ഞാൽ വിശ്വസിക്കാമോ? ശ്രീ. ഉമ്മൻ ചാണ്ടിയും ഞങ്ങളും പലരും വിദേശ യാത്ര നടത്തിയിട്ടുണ്ട്. രണ്ട് യാത്രക്കാരും ഇവിടെനിന്ന് നേരെ ലണ്ടനിലേക്കാണ് പോയത്. ഇവിടെനിന്ന് എമിഗ്രേഷൻകാർ ക്ലിയറൻസ് കൊടുത്ത് ബോർഡിംഗ് പാസ്സ് കൊടുക്കുന്നതിനുമുമ്പ് ഇവർ ഏത് രാജ്യത്തേക്കാണ് പോകുന്നതെന്നുവച്ചാൽ അവിടത്തെ വിസയുണ്ടോ എന്നാണ് ആദ്യം നോക്കുക. വിസയുണ്ടോ എന്നുള്ള പരിശോധന നടത്തി ഇവർ ദോഹയിൽ എത്തിയപ്പോൾ ദോഹയിൽനിന്ന് കണക്ഷൻ ഫ്ളൈറ്റാണ് ലണ്ടനിലേക്കുള്ളത്. അടുത്ത ദിവസം ഞാൻ ഇതേ ഫ്ളൈറ്റിൽ ലണ്ടനിൽ പോകുന്നുണ്ട്. കഷ്ടി മണിക്കൂർ സമയമാണ് കണക്ഷൻ ഫ്ളൈറ്റിന് ദോഹയിൽ ഇട്ടിരിക്കുന്നത്. ദോഹ എയർപോർട്ടിലെ ഉദ്യോഗസ്ഥർ ആണ് ഇത് കണ്ടു പിടിച്ചത്. സാധാരണ കണക്ഷൻ ഫ്ളൈറ്റിന് പോകുന്ന ആളുകളെ

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ പരിശോധിക്കേണ്ട ആവശ്യമില്ല. ബാഗേജും വേണമെങ്കിൽ ഡയറക്ടായി ബുക്ക് ചെയ്യാം. അത് ഇവിടുത്തെ എമിഗ്രേഷനിലിരുന്ന ഉദ്യോഗസ്ഥർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എഴുതി തന്നു എന്നുപറഞ്ഞാൽ എന്താണ് മനസ്സിലാക്കേണ്ടത്. ഇതേക്കുറിച്ച് അറിവുള്ള ആളിന് ഒരു കോമൺസെൻസോടുകൂടി ചിന്തിക്കാൻ കഴിയില്ലേ? അവർ എഴുതി തരുന്നത് തന്നെ നിയമസഭയിൽ പറയണമെന്നുണ്ടോ? ട്രാവൽ ഏജന്റ് സൂസൻ രാജേന്ദ്രൻ എന്നു പറയുന്ന സ്ത്രീ പത്തിരുപത് വർഷമായി ട്രാവൽ ഏജൻസി രംഗത്ത് പ്രവർത്തിക്കുന്ന ഒരു സ്ത്രീയാണ്. പയനിയർ പത്രം ഒരു ചെറിയ പത്രമായി കാണേണ്ട. 141 വർഷത്തെ പാരമ്പര്യമുണ്ട് ഈ പത്രത്തിന്. ഇൻഡ്യയുടെ പല ഭാഗത്തുനിന്നും ഈ പത്രം പ്രസിദ്ധീകരിക്കുന്നുണ്ട്. അവരുടെ ഒന്നാം പേജിലാണ് ഈ വാർത്ത വന്നത്. അവരെ വളരെ ലൈറ്റ് ആയി മുഖ്യമന്ത്രി എടുക്കുകയാണ്. അതിൽ മാത്രമല്ല, മാതൃഭൂമിയിൽ വന്നു, മനോരമയിൽ വന്നു, ഏഷ്യാനെറ്റ് റിപ്പോർട്ട് ചെയ്തു, സൂര്യ റിപ്പോർട്ട് ചെയ്തു. ഇത്രയും ഗൗരവതരമായ ഒരു വിഷയം അതിൽ വളരെ ഡീറെയിൽഡായി പറഞ്ഞിട്ടുണ്ട്. ട്രാവൽ ഏജന്റിനെക്കുറിച്ച് പയനിയറിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത് Mr. Joseph Mathew, General Manager of Neyadi, confirmed Ms. Rajendran's story. The travel agency issued tickets on behalf of ITL, stockholder of tickets of Qatar Airways in Thiruvananthapuram. Neyadi Travel and Tour Company is owned by Mr. S. Nazar who is a trustee of Gokulam Medical College, Venjaramood near Thiruvananthapuram. Mr. Nazar said Ms. Rajendran had duly reported the matter to him. അതിനുശേഷം മൂന്നാമത്തെ ആളെ രക്ഷപ്പെടുത്തിയത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പോലീസാണ്. കാരണം ഡൽഹിയിൽ നിന്ന് മൂന്നാമത്തെ ആൾ ആദ്യം ലാൻഡ് ഫോണിൽ വിളിച്ചു. ഉടൻ ഇവർ പതിനഞ്ച് മിനിട്ട് കഴിഞ്ഞ് വിളിക്കാൻ പറഞ്ഞ് തൊട്ടടുത്ത് ഇരുന്നയാളുടെ മൊബൈൽ ഫോൺ നമ്പർ കൊടുത്തു. കാരണം ലാൻഡ് ഫോണിൽ ഏത് നമ്പറിൽ നിന്നാണ് വിളിച്ചത് എന്ന് അറിയാൻ നിവൃത്തിയില്ല. അതുകൊണ്ട് തൊട്ട് അടുത്തിരുന്നയാളുടെ മൊബൈൽ നമ്പർ കൊടുത്തിട്ട് പറഞ്ഞു പതിനഞ്ച് മിനിട്ട് കഴിഞ്ഞ് വിളിക്കാൻ. 15 മിനിട്ട് കഴിഞ്ഞപ്പോൾ 98958829?9 എന്ന നമ്പരിൽ നിന്ന് വിളിക്കുന്നു. ഇത് എയർടെൽ-ന്റെ ഫോൺ ആണ്. പ്രീ പെയ്ഡ് കാർഡാണ് ഉപയോഗിച്ചിരിക്കുന്നത്. ആദ്യത്തെ കോൾ വന്ന ശേഷം നാലേമുക്കാൽ വരെ എട്ടു തവണ ഇതേ നമ്പരിൽ നിന്ന് ഈ മൊബൈലിലേക്ക് വിളിച്ചു. ആദ്യത്തെ കോൾ കിട്ടിക്കഴിഞ്ഞയുടൻ അവർ പോലീസിനെ അറിയിച്ചു. ഒരു ഡി. വൈ. എസ്. പി. അവിടെ ചെന്നു. മുഖ്യമന്ത്രി അന്വേഷിക്കൂ. ആ ഡി. വൈ. എസ്. പി. ഇരിക്കുമ്പോൾ പിന്നെയും കോൾ വന്നു. അത് ലൊക്കേറ്റ് ചെയ്യാൻ വല്ല വിഷമവുമുണ്ടോ? നമുക്കറിയാം ഓരോ മൊബൈൽ കമ്പനിക്കും ഏത് ലൊക്കേഷനിൽ നിന്നാണ് ഫോൺ വിളിക്കുന്നത് എന്ന് അറിയാം. ഡൽഹിയിൽ നിന്നാണ് വിളിച്ചത്. അപ്പോൾ നമ്മുടെ പോലീസ് എന്താണ് ചെയ്യേണ്ടിയിരുന്നത്? എന്തെല്ലാം സൗകര്യങ്ങളുണ്ട്. വ്യാജ പാസ്പോർട്ടുമായി ദോഹയിൽ എത്തിയ ആളെ ഇങ്ങോട്ട് deport ചെയ്തു. അയാളും നമ്മുടെ കസ്റ്റഡിയിൽ ഇരിക്കുന്നു. ആരെക്കെയാണ് അവിടെ ചോദ്യം ചെയ്തുകൊണ്ടിരുന്നത്? സിറ്റി പോലീസ് കമ്മീഷണറും ഡി. ഐ. ജി.-യും ആണ്. അതേ സമയത്താണ് ട്രാവൽ ഏജന്റ് അറിയിച്ചതനുസരിച്ച് ഡി. വൈ. എസ്. പി. അവിടെ ചെന്നത്. ഈ ഡി. വൈ. എസ്. പി, അവിടെയിരിക്കുമ്പോൾ വീണ്ടും എട്ട് കോളുകൾ വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എട്ടു പ്രാവശ്യം, വൈകുന്നേരം നാലേമുക്കാൽ വരെ വിളിച്ചിട്ടും ആ ആളെ പിടിക്കാൻ കഴിഞ്ഞില്ലെങ്കിൽ അത് നമ്മുടെ പോലീസിന്റെ അനാസ്ഥ അല്ലേ? അവരെ ന്യായീകരിക്കണോ മുഖ്യമന്ത്രിക്ക്? വേണമായിരിക്കും. കാരണം ഇവിടെയെല്ലാം ന്യായീകരിക്കുകയാണല്ലോ. അദ്ദേഹം പറഞ്ഞു, protection of emigration അത് കേന്ദ്ര ഗവൺമെന്റാണ് കൈകാര്യം ചെയ്യുന്നതെന്ന്. സമ്മതിക്കുന്നു. അവിടെ ഡെപ്യൂട്ടേഷനിൽ ഇരിക്കുന്ന പോലീസുകാർ ആരാണ്? അങ്ങയുടെ പോലീസാണ്. അങ്ങോട്ട് ഡെപ്യൂട്ടേഷൻ കിട്ടാൻവേണ്ടി ശ്രമിക്കുന്നത് ആരാണ്? ഇൻഗ്രിറ്റി ഉള്ളവരെ അങ്ങോട്ട് വിടാൻ പാടില്ലേ? കേരളാ പോലീസിൽ മിടുക്കന്മാരും സത്യസന്ധരുമുണ്ട്. കൈക്കൂലി വാങ്ങാൻ ആഗ്രഹിക്കുന്നവരാണ് അങ്ങോട്ട് പോകുന്നത്. അതാണ് സ്ഥിതി. അങ്ങനെയുള്ള ആളുകളെ വിട്ടിരിക്കുന്നു. പയനിയർ റിപ്പോർട്ട് ചെയ്തിരിക്കുന്നത് ഇവർക്ക് അൽ-ഖായിദയുമായി ബന്ധമുണ്ട് എന്ന് സംശയിക്കുന്നു എന്നാണ്. ഉണ്ടോ എന്ന് എനിക്ക് പറയാൻ കഴിയില്ല. സംശയിക്കണം. മുഖ്യമന്ത്രി ലണ്ടൻ സ്ഫോടനത്തെ ലൈറ്റായി കണ്ടല്ലോ. രാവിലെ ഒമ്പതേകാലിന് തിരിക്കുന്ന ഫ്ളൈറ്റിൽ പോയാൽ അന്നു വൈകുന്നേരം നാലരയ്ക്ക് ലണ്ടനിൽ ചെല്ലാം. അതുകൊണ്ട് ഈ വിഷയം ഇത്രയും ലാഘവ ബുദ്ധിയോടെ കാണേണ്ടതല്ല. ഇവിടെ എവിടെയെങ്കിലും ഒരു സ്ഫോടനം ഉണ്ടായാലോ? എങ്കിൽ സ്ഥിതി എന്താകുമായിരുന്നു?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): അതാണല്ലോ നിങ്ങളുടെ ആഗ്രഹം.

ശ്രീ. ടി. എം. ജേക്കബ്: ഞങ്ങളം ആഗ്രഹിക്കുന്നില്ല. നിങ്ങളം ആഗ്രഹിക്കുന്നുണ്ട്. ഇവിടെ ആളുകളം മരിക്കണമെന്ന് ഞങ്ങളം ആഗ്രഹിക്കുന്നില്ല. അതിനെ കുട്ടുപിടിക്കുകയാണ് മുഖ്യമന്ത്രി. അതുകൊണ്ട് ഇത്രയും ഗൗരവതരമായ വിഷയം നമ്മുടെ സഭയിൽ ചർച്ച ചെയ്യാൻ അവസരം നിഷേധിച്ചതിൽ പ്രതിഷേധിച്ച് ഞാനും ഈ വാക്ക് ഔട്ടിൽ പങ്കെടുക്കുകയാണ്.

(ശ്രീ. ടി. എം. ജേക്കബും സഭ വിട്ട് പുറത്തുപോയി.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ഇതു സംബന്ധിച്ച് ഒരു ആശങ്കയ്ക്കും ഇടയില്ല. വളരെ ഗൗരവമായ രീതിയിൽ കാര്യക്ഷമമായ അന്വേഷണം നടക്കുകയാണ്. രക്ഷപ്പെട്ട് ഒരാളും പോകുന്നില്ല. അതിന്റെ സത്യാവസ്ഥ നമുക്ക് മനസ്സിലാക്കേണ്ടിയിരിക്കുന്നു. അന്വേഷണത്തിൽ ഇരിക്കുന്നതു കൊണ്ടാണ് ഞാൻ കൂടുതൽ വിവരങ്ങളം വെളിപ്പെടുത്താത്തത്. എല്ലാ കാര്യങ്ങളും ഗൗരവമായി തന്നെയാണ് നീങ്ങുന്നത്. അന്വേഷണം പുരോഗതിയിൽ ഇരിക്കുമ്പോൾ അങ്ങനെയൊരു കേസിന്റെ മുഴുവൻ വിശദാംശവും വെളിപ്പെടുത്താൻ ആകാത്തതുകൊണ്ടാണ് വെളിപ്പെടുത്താതിരിക്കുന്നത്. അതുകൊണ്ട് ഇതു സംബന്ധിച്ച് ഒരു ആശങ്കയ്ക്കും അടിസ്ഥാനമില്ല. സുരക്ഷാ സംവിധാനത്തിൽ ഒരു വീഴ്ചയും വരുത്തില്ല.

[സഭവിട്ടു പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരായി.]

LIBRARY ARCHIVES Kerala Legislative Assembly